# പതിമൂന്നാം കേരളനിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 780** **07/02/2013 ൽ മറുപടിക്ക്**

**മാവൂരിൽ കാൻസർ ചികിത്സയ്ക്ക് സൗജന്യസ്ഥലം**

**ചോദ്യം**
**ശ്രീ. പി. റ്റി. എ റഹീം**

**മറുപടി**
**വി.എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് ജില്ലയിലെ മാവൂർ തെങ്ങിലക്കടവിൽ കാൻസർ ചികിത്സയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സൗജന്യമായി സ്ഥലം ലഭിച്ചിട്ടുണ്ടോ; | (എ), (ബി), (സി), (ഡി), (ഇ), (എഫ്) ,(ജി) & (എച്ച്) | സർക്കാർ ഉത്തരവ് G.O.(MS) No. 362/2012/RD dt.27/09/2012 പ്രകാരം കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്കിൽ മാവൂർ വില്ലേജിൽ കണ്ണിപ്പറമ്പ് ദേശത്ത് 125/2 എ, 127/2, 127/3, 128/2, 128/3, 133/3 എ എന്നീ റീ സർവ്വേ നമ്പരുകളിൽപ്പെട്ട 6.3412 ഏക്കർ ഭൂമിയും കെട്ടിടവും, മലബാർ കാൻസർ സെന്ററിന്റെ സബ്സെന്റർ കോഴിക്കോട് സ്ഥാപിക്കുന്നതിനു വേണ്ടി മലബാർ കാൻസർ സെന്ററിന് പാട്ടത്തിനു നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് മറ്റു തീരുമാനങ്ങളൊന്നും തന്നെ ആയിട്ടില്ല. |
| (ബി) | പ്രസ്തുത സ്ഥലം സൗജന്യമായി നൽകിയത് ആരാണ് എന്നും ഈ സ്ഥലത്തിന്റെ വിസ്തീർണ്ണം എത്രയാണ് എന്നും ഈ സ്ഥലത്തിൽ നിലവിൽ എത്ര ചതുരശ്ര അടി കെട്ടിടമാണ് ഉള്ളതെന്നും വ്യക്തമാക്കുമോ; | | |
| (സി) | ജില്ലാ ഭരണകൂടം എന്നാണ് ഈ സ്ഥലം ഏറ്റെടുത്തത്; | | |
| (ഡി) | പ്രസ്തുത സ്ഥലവും കെട്ടിടവും ഉപയോഗപ്പെടുത്തുന്നതിനായി എന്തെങ്കിലും നിർദ്ദേശം സാമൂഹ്യസുരക്ഷിതത്വമിഷൻ മുന്നോട്ട് വെച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | | |
| (ഇ) | സാമൂഹ്യസുരക്ഷിതത്വമിഷനെയും കോഴിക്കോട് മെഡിക്കൽ കോളേജിനെയും എൻ. ആർ. എച്ച്. എം-ന്റെയും ജില്ലാപഞ്ചായത്തിന്റെയും സംയുക്ത സംരംഭമെന്ന നിലയിൽ ഈ സ്ഥലം ഉപയോഗപ്പെടുത്തുന്നതിന് നിയമതടസ്സം ഉണ്ടോ; | | |

| | | | |
|---|---|---|---|
| (എഫ്) | സ്ഥലം സൗജന്യമായി നൽകിയവരുമായി എന്തെങ്കിലും ധാരണാപത്രം ഉണ്ടാക്കുകയോ ആധാരത്തിൽ എന്തെങ്കിലും വ്യവസ്ഥകൾ വയ്ക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആധാരത്തിന്റെ കോപ്പി ലഭ്യമാക്കുമോ; | | |
| (ജി) | പ്രസ്തുത സ്ഥലവും കെട്ടിടവും ഇപ്പോൾ ഏത് വകുപ്പിന്റെ കീഴിലാണ് ഉള്ളത് എന്നും ഇത് സാമൂഹ്യസുരക്ഷിതത്വമിഷനോ ജില്ലാ പഞ്ചായത്തിനോ കൈമാറാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ; | | |
| (എച്ച്) | പ്രസ്തുത വസ്തു ഉപയോഗപ്പെടുത്തുന്നതിന് ഒരു സ്കീം തയ്യാറാക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ